ഉത്തരം

(എ) ആകെയുള്ള 28 സീറ്റുകളിൽ ഇരുപത്തിയഞ്ചു ശതമാനം സംസ്ഥാനത്തിലെ ആയുർവ്വേദ കോളേജുകളും സ്പോൺസർ (sponsor) ചെയ്ത അദ്ധ്യാപകർക്കായി സംവരണം ചെയ്തിട്ടുണ്ട്.

(ബി, സി) ഗവൺമെന്റ് ആയുർവ്വേദ കോളേജുകളിൽ നിന്നും ബിരുദാനന്തര കോഴ്സിന് അപേക്ഷിച്ചിരുന്ന അദ്ധ്യാപകർ ആവശ്യപ്പെട്ടിരുന്ന വിഷയങ്ങളിൽ അദ്ധ്യാപകരെ ആവശ്യമാണെന്നു കാണിച്ച് പ്രസ്തുത കോളേജുകളിൽ നിന്ന് അവരെ സ്പോൺസർ ചെയ്തിരുന്നില്ല. അതുകൊണ്ട് പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകർക്ക് പ്രവേശനം ലഭിച്ചില്ല.

രണ്ടാംവർഷ ബി. എ. എം. എസ്. വിദ്യാർത്ഥികളും പഠിക്കേണ്ട യോഗചികിൽസ

1121 [2050] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം വർഷ ബി. എ. എം. എസ്. വിദ്യാർത്ഥികൾക്ക് സിലബസ് അനുസരിച്ച് യോഗ ചികിൽസ പഠിക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാർക്കിന്റെ ചോദ്യങ്ങൾ സിലബസ് അനുസരിച്ച് യോഗ ചികിൽസാ വിഭാഗത്തിൽനിന്നും ഉണ്ട്;

(സി) ഇവർക്ക് പ്രായോഗിക പരിശീലനം കിട്ടുന്നതിനായി തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ യോഗ ചികിൽസാ വാർഡ് അനുവദിച്ചിട്ടുണ്ടോ;

(ഡി) പോസ്റ്റ്ഗ്രാഡ്വേറ്റ് സെന്ററിൽ ഒരു യോഗ ചികിൽസ വാർഡ് നിലവിലുണ്ടോ;

(ഇ) ഈ വാർഡ് തിരുവനന്തപുരം ആയുർവ്വേദ കോളേജ് പ്രിൻസിപ്പലിന്റെ അധീനതയിലേയ്ക്ക് മാറ്റി വിദ്യാർത്ഥികളുടെ പഠന അസൗകര്യം ഒഴിവാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 200 മാർക്കുള്ള തിയറി പേപ്പറിൽ യോഗ ചികിൽസ, പ്രകൃതി ചികിൽസ ഇവയ്ക്കായി 50 മാർക്കിന്റെ ചോദ്യം സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി, ഡി) യോഗ ചികിൽസാ വാർഡ് ആയുർവ്വേദ കോളേജിൽ അനുവദിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രസ്തുത വാർഡ് ആയുർവ്വേദ പോസ്റ്റ് ഗ്രാഡ്വേറ്റ് സെന്ററിന്റെ നിയന്ത്രണത്തിലാണ്.

(ഇ) ഇക്കാര്യം പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly